പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3321 | 14.03.2018 ൽ മറുപടിക്ക്

## മങ്കട സി എച്ച് സി

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മങ്കട സി എച്ച് സി സ്ററാന്റേർഡൈസേഷൻ ആക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) | ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാ ആശുപത്രികളിലും രോഗീസൗഹൃദ പശ്ചാത്തലം ഒരുക്കി നിശ്ചിത മാനദണ്ഡങ്ങളോടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആവശ്യമായ തസ്തികയും സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്ന പരിപാടി. ഇതിൽ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. സി.എച്ച്.സി.കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന അവസരത്തിൽ മങ്കട സി.എച്ച്.സി.യിലും നിശ്ചിത നിലവാരവും മാനദണ്ഡവും അനുസരിച്ചുള്ള സേവനം ലഭ്യമാക്കുന്നതാണ്. |
| (ബി) | മങ്കട മണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോപ്പതി ആശുപത്രി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ബി) | 2017-18 വാർഷിക പദ്ധതി പ്രകാരം 30 പുതിയ ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലിലെ പട്ടികയിൽ മങ്കട ഗ്രാമപഞ്ചായത്തിലെ ഹോമിയോപ്പതി ആശുപത്രിയും ഉൾപ്പെട്ടിരുന്നു. എന്നാൽ ആദ്യ ഘട്ടത്തിൽ 10 ഹോമിയോപ്പതി ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകിയതിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടില്ല. വരും വർഷങ്ങളിൽ മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ